**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1540** **05/02/2019 -ൽ മറുപടിയ്ക്ക്**

**കീടനാശിനികളുടെ അനിന്ത്രിതമായ ഉപയോഗം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. എം. വിൻസെന്റ്**<br>**ശ്രീ. വി.എസ്.ശിവകുമാർ**<br>**ശ്രീ. സണ്ണി ജോസഫ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം മൂലമുണ്ടായിട്ടുള്ള ഗുരുതരമായ സാഹചര്യം കൃഷി വകുപ്പ് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു;വ്യക്തമാക്കാമോ ; | (എ) ഉണ്ട്. കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ വിപണിയിലെ പച്ചക്കറികളിൽ നടത്തിയ അവശിഷ്ട വിഷാംശ പരിശോധനയിൽ കീടനാശിനി അംശം കണ്ടെത്തിയ സാഹചര്യത്തിൽ കർഷകർ അനധികൃതമായി കീടനാശിനികൾ വാങ്ങുന്നതും കൃഷിയിടങ്ങളിൽ കീടനാശിനികൾ ശുപാർശ ചെയ്യുന്ന രീതിയിലല്ലാതെ ഉപയോഗിക്കുന്നതും പൂർണ്ണമായും നിയന്ത്രിക്കുന്നതിനുവേണ്ടി കൃഷി ഡയറക്ടറുടെ 03/01/2019 ടി.ക്യൂ.22908/17 നമ്പർ സർക്കുലർ പ്രകാരം കീടനാശിനികളുടെ വിതരണവും, വിൽപ്പനയും, ഉപയോഗവും, നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും കീടനാശിനി കൃത്യ അളവിൽ കർഷകൻ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>സംസ്ഥാന സർക്കാർ GO(MS)116/2011/Agri, തീയതി 07/05/2011, GO(MS)128/2015/Agri, തീയതി 28/07/2015 എന്നിവ പ്രകാരം 17 കള/ കീടനാശിനികൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഗസറ്റ് വിജ്ഞാപനം SO 3951(E), തീയതി 08/08/2018 പ്രകാരം 10 കീടനാശിനികൾ കൂടി 2018 ആഗസ്റ്റ് 08 മുതൽ നിരോധിച്ചിട്ടുണ്ട്. 31.12.2020 മുതൽ 5 കീടനാശിനികൾ കൂടി ടി ഗസറ്റ് വിജ്ഞാപന പ്രകാരം നിരോധിച്ചിട്ടുണ്ട്. നിലവിൽ ഇവയുടെ |

രജിസ്ട്രേഷൻ, ഉല്പാദനം, ഇറക്കുമതി എന്നിവ നിരോധിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (എം.എസ്.) നം.128/2015/കൃഷി തീയതി 28/07/2015 പ്രകാരം മഞ്ഞ ലേബലോട്ടുകൂടിയ കീടനാശിനികളായ, കാർബോസൾഫാൻ, ക്ലോർപൈറിഫോസ്, സൈപർമെത്രിൻ, ലാംഡ സൈഹാലോത്രിൻ, കളനാശിനി കളായ 2.4 ഡി നീല ലേബലോട്ടു കൂടിയ അസഫേറ്റ്, കളനാശിനിയായ ഗ്ലൈഫോസേറ്റ് എന്നിവയുടെ വിൽപ്പനയും ഉപയോഗവും അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

കൃഷി ഡയറക്ടറുടെ 03.01.2019 -ലെ ടി.ക്യു. 22908/2017 എന്ന സർക്കുലർ പ്രകാരം കീടനാശിനികൾ കൃഷി ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം നടത്താൻ ഡിപ്പോകൾക്ക് നിർദ്ദേശം നൽകുകയും കർഷകർക്ക് ഇത് സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കാൻ മാർഗനിർദ്ദേശങ്ങൾ നൽകി യിട്ടുണ്ട്.

പൊതുജനാരോഗ്യത്തിനും പൊതു ആവാസവ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ഹാനികരമായ കീടനാശിനികളുടെ അമിതോപയോഗം തടയുന്നതിനു വേണ്ടി, "കീടനാശിനി ഉപയോഗം നിയന്ത്രിക്കു, സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തു". എന്ന സന്ദേശം കർഷകരിലും പൊതുജനങ്ങളിലും എത്തിക്കുന്നതിനായി 2019 ജനുവരി 21 മുതൽ 31 വരെ ക്യാമ്പയിൻ നടത്തിയിട്ടുണ്ട്.

കീടനാശിനികളുടെ വിതരണവും വിൽപ്പനയും ഉപയോഗവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിന് കീടനാശിനി കൃത്യ അളവിൽ ഉപയോഗിക്കുന്നു എന്നും ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശ്ശങ്ങൾ കർഷകർക്ക് നൽകിയിട്ടുണ്ട്. എല്ലാ കൃഷി ഓഫീസർമാരും തങ്ങളുടെ പരിധിയിലുള്ള എല്ലാ കീടനാശിനി ഡിപ്പോകളും ക്രമമായി സന്ദർശിച്ച് കൃഷിയിടങ്ങളിൽ കീടനാശിനികൾ ശുപാർശ ചെയ്യുന്ന രീതിയിലല്ലാതെ ഉപയോഗിക്കുന്നത് പൂർണ്ണമായും നിയന്ത്രിക്കുന്നതിനാണ് പ്രസ്തുത മാർഗ്ഗ

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്.<br><br>കീടനാശിനി പ്രയോഗത്തിൽ പുലർത്തേണ്ട ജാഗ്രത സംബന്ധിച്ചും കീടനാശിനി വിഷബാധയുണ്ടായാൽ ഏറ്റെടുക്കേണ്ട പ്രാഥമിക ചികിത്സ സംബന്ധിച്ചും ബോധവൽക്കരണ ക്ലാസുകളിൽ വിശദീകരിക്കുന്നുണ്ട്. കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിനും, സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തുന്നതിനും കർഷകർക്കും പൊതുജനങ്ങൾക്കുമുള്ള നിർദ്ദേശങ്ങളടങ്ങിയ ലഘുലേഖകൾ, കീടനാശിനി ഡീലർ അനുവർത്തിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖകളും വിതരണം നടത്തിവരുന്നു. |
| (ബി) | സംസ്ഥാനത്ത് ലഭിക്കുന്ന പച്ചക്കറികളിൽ കീടനാശിനികളുടെ സാന്നിദ്ധ്യം ഉയർന്ന നിലയിൽ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കൃഷി ഓഫീസർമാരുടെ നിർദ്ദേശ പ്രകാരമല്ലാതെ കർഷകർ നേരിട്ട് കീടനാശിനികൾ വാങ്ങുന്നതും ഉപയോഗിക്കുന്നതും നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സർക്കാർ ഉത്തരവ് (എം.എസ്.) നം.128/2015/കൃഷി തീയതി 28/07/2015 പ്രകാരം മഞ്ഞലേബലോടുകൂടിയ കീടനാശിനികളായ, കാർബോസൽഫാൻ, ക്ലോർഫൈറിഫോസ്, സൈപർമെത്രിൻ, ലാംഡ സൈഹാലോത്രിൻ, കളനാശിനി കളായ 2.4 ഡി നീല ലേബലോടു കൂടിയ അസഫേറ്റ്, കളനാശിനിയായ ഗ്ലൈഫോസേറ്റ് എന്നിവയുടെ വിൽപ്പനയും ഉപയോഗവും അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.<br><br>കൃഷി ഡയറക്ടറുടെ 03.01.2019 -ലെ ടി.ക്യൂ 22908/2017 എന്ന സർക്കുലർ പ്രകാരം കീടനാശിനികൾ കൃഷി ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം നടത്താൻ ഡിപ്പോകൾക്ക് നിർദ്ദേശം നൽകുകയും കർഷകർക്ക് ഇത് സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കാൻ മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കീടനാശിനികളുടെ അമിത ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നൽകുന്നതിനും അതിലൂടെ അതിന്റെ ഉപയോഗം കുറയ്ക്കുന്നതിനും നടപടി കൈക്കൊള്ളുമോ? | (ഡി) | നടപടി കൈക്കൊണ്ടിട്ടുണ്ട്.<br><br>കൃഷി ഭവനുകൾ മുഖേന വിവിധ പരിശീലന പരിപാടികൾ, കൃഷിയിട സന്ദർശനങ്ങൾ, ലഘുലേഖകൾ, ബുള്ളറ്റിനുകൾ, സമൂഹമാധ്യമങ്ങൾ തുടങ്ങിയവയിലൂടെ കീടനാശിനികളും രാസവളങ്ങളും ഉപയോഗിക്കാൻ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>• കൃഷി ഓഫീസർമാരുടെ ശുപാർശയോടെ അംഗീകൃത ഡിപ്പോകളിൽ നിന്നും കീടനാശിനി വാങ്ങാൻ കർഷകർ ശ്രദ്ധിക്കുക.<br>• ക്യാഷ് ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങണം.<br>• അംഗീകൃത ഡിപ്പോകളിലൂടെയല്ലാതെ കമ്പനികളോ, വിതരണക്കാരോ, ഇടനിലക്കാരോ നേരിട്ട് കീടനാശിനികൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കൃഷി ഓഫീസറെ ഉടനടി വിവരം അറിയിക്കുക.<br>• കാലാവധി കഴിഞ്ഞ കീടനാശിനികൾ വാങ്ങരുത്.<br>• കീടനാശിനി ബോട്ടിലുകൾ/ പാക്കറ്റുകളിലെ നിർദ്ദേശങ്ങളും ലഘുലേഖകളും വായിച്ച് ഉള്ളടക്കം മനസ്സിലാക്കുക. സംശയമുണ്ടെങ്കിൽ കൃഷി ഓഫീസറുടെയോ കൃഷി ഉദ്യോഗസ്ഥരുടെയോ സഹായം തേടുക.<br>• ലേബലിലോ ലഘുലേഖയിലോ പരാമർശിക്കാത്ത പ്രയോഗ രീതികൾ അനുവർത്തിക്കരുത്.<br>• വ്യാജ ഉത്പന്നങ്ങൾ വാങ്ങുന്നില്ലെന്ന് ഉറപ്പുവരുത്തുക.<br>• വ്യാജ ഉല്പന്നങ്ങൾ നിങ്ങളുടെ അറിവിൽ വിറ്റഴിക്കുന്നുണ്ടെന്നു ശ്രദ്ധയിൽപ്പെട്ടാൽ കൃഷിഭവനിലും പോലീസ് സ്റ്റേഷനിലും വിവരം അറിയിക്കുക.<br>• ഗുണമേന്മയുള്ള, വിശ്വാസ്യതയുള്ള |

ഉത്പന്നങ്ങൾ, ലേബൽ/ ലഘുലേഖയിലെ നിർദ്ദേശ പ്രകാരം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ അധികാരികളോട് സഹകരിക്കുക.

- ഉപയോഗശേഷം ബാക്കി വന്ന കീടനാശിനി ഉത്പന്നങ്ങൾ സൂക്ഷിച്ച് വയ്ക്കാനും ഉപയോഗം കഴിഞ്ഞവ സുരക്ഷിതമായി ഉപേക്ഷിക്കാനും ശ്രദ്ധിക്കുക.

Sreelatha

**സെക്ഷൻ ഓഫീസർ**